നികുതി-നികുതിയേതര വരുമാനം

33 [316] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി ഒഴികെയുള്ള വിവിധ നികുതി സ്രോതസ്സുകളിൽ നിന്നും 1996-97 മുതൽ 2002-03 വരെയും 2003-04 സാമ്പത്തിക വർഷത്തിലെ ഡിസംബർ 31 വരെയും സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 1996-97 മുതൽ 2002-03-വരെയും 2003-04 സാമ്പത്തിക വർഷത്തിലെ ഡിസംബർ 31 വരെയും വിവിധ നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1996-97 മുതൽ 2002-03 വരെയും 2003-04-ൽ, 31-10-2003 വരെയുള്ള വില്പന നികുതി ഒഴികെയുള്ള നികുതി വരുമാനം താഴെ പറയും പ്രകാരമാണ്. (കേന്ദ്ര വിഹിതം ഉൾപ്പെടെ)

(രൂപ കോടിയിൽ)

1996-97	1650.54
1997-98	1940.92
1998-99	1844.72
1999-2000	1981.34
2000-01	3111.54
2001-02	3193.54
2002-03	3674.61
2003-04	2294.66

(31-10-2003 വരെയുള്ള എ. ജി. യുടെ താൽക്കാലിക കണക്കുകൾ പ്രകാരം)

(ബി) 1996-97 മുതൽ 2002-03 വരെയും 2003-04-ൽ, 31-10-2003 വരെയുള്ള നികുതിയേതര വരുമാനം (അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ച താൽക്കാലിക കണക്ക് പ്രകാരം) താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(രൂപ കോടിയിൽ)

1996-97	513.80
1997-98	552.11
1998-99	557.65
1999-2000	530.72
2000-01	659.09
2001-02	543.38
2002-03	677.96
2003-04	401.32

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം

34 [317] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്രയായിരുന്നു; ഇതിൽ യഥാർത്ഥ വരുമാനം എത്രയാണെന്നാണ് കണക്കാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സംസ്ഥാന നികുതികളും ഡ്യൂട്ടികളുമായി പ്രതീക്ഷിച്ചിരുന്നത് എത്ര; യഥാർത്ഥത്തിൽ പിരിച്ചതെത്ര;

(സി) ഇതിൽ കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനം പ്രതീക്ഷിച്ചതെത്ര; യഥാർത്ഥ വരുമാനമെത്ര; ഇവ കുറഞ്ഞിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 2000-01, 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിച്ച അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരുമാനം 12699.60 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. യഥാർത്ഥവരുമാനം എത്രയാണെന്നതിനെക്കുറിച്ചുള്ള അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2003 ഒക്ടോബർ മാസം വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം ആകെ 5750.80 കോടി രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly